**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 580** **06-12-2022 - ൽ മറുപടിയ്ക്ക്**

**പയ്യന്നൂർ പെരിങ്ങോം ഗവൺമെന്റ് കോളേജ് കെട്ടിട നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കിഫ്ബിയുടെ സാമ്പത്തികാനുമതി ലഭിച്ച പയ്യന്നൂർ മണ്ഡലത്തിലെ പെരിങ്ങോം ഗവൺമെന്റ് കോളേജ് കെട്ടിട നിർമ്മാണ പ്രവൃത്തിയുടെ ഡി.എസ്.ആർ.-ൽ മാറ്റം വന്നത് കാരണം എസ്റ്റിമേറ്റിൽ അധികം വന്ന തുകയ്ക്ക് കിഫ്ബിയുടെ അനുമതി നൽകുന്നതിനായുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; ആയതിന്റെ വിശദാംശം ലഭ്യമാക്കാമോ; | (എ) | 04-02-2019-ൽ കിഫ്ബി പുറപ്പെടുവിച്ച ഉത്തരവു പ്രകാരം, പെരിങ്ങോം ഗവ.കോളേജിന് 8.32 കോടി രൂപയുടെ ധനാനുമതി നൽകിയിരുന്നു. തുടർന്ന്, കേരളാ മുനിസിപ്പൽ ബിൽഡിംഗ്സ് ചട്ടം, ഭൂകമ്പ ഘടകങ്ങൾ എന്നിവ പ്രകാരം ഡിസൈനിൽ മാറ്റം വരുത്തിയതനുസരിച്ച് എസ്.പി.വി ആയ കിറ്റ് കോ സമർപ്പിച്ച പുതുക്കിയ എസ്റ്റിമേറ്റ് കിഫ്ബി പരിശോധിക്കുകയും 09-03-2021-ൽ 9.272 കോടി രൂപയുടെ ധനാനുമതി നൽകുകയും ചെയ്തിരുന്നു. ആയതിനനുസരിച്ച് എസ്.പി.വി-യിൽ കൂടിയ ടെക്നിക്കൽ കമ്മിറ്റി പ്രസ്തുത പ്രവൃത്തിക്ക് 9,27,19,156.32 രൂപ (ജി.എസ്.റ്റി ഉൾപ്പെടെ)യുടെ സാങ്കേതികാനുമതി നൽകിയിരുന്നു. പിന്നീട്, ടി പ്രവൃത്തി 3 തവണ ടെന്റർ ചെയ്തുവെങ്കിലും ടെന്ററിൽ പങ്കെടുക്കുവാൻ ആരുമില്ലാതിരുന്നതിനാൽ, വർക്ക് അവാർഡ് ചെയ്യുവാൻ സാധിച്ചിട്ടില്ല എന്ന് എസ്.പി.വി അറിയിച്ചിരുന്നു. 13-08-2021-ലെ സ.ഉ (അച്ചടി) നം.114/2021/ധന നമ്പർ ഉത്തരവു പ്രകാരം 15-08-2021 മുതൽ ഡി.എസ്.ആർ 2018 ബാധകമായതിനെത്തുടർന്ന് ധനാനുമതി തുക 11,38,97,040/- രൂപയായി ഉയർത്തുന്നതിന് 10-02-2022-ൽ എസ്.പി.വി ഡീവിയേഷൻ ഫയൽ സമർപ്പിച്ചിരുന്നു. ആയത് കിഫ്ബി പരിശോധിക്കുകയും താരതമ്യ ചാർട്ട് സഹിതം സമർപ്പിക്കുന്നതിന് 16-02-2022-ൽ ഫയൽ തിരികെ നൽകുകയും ചെയ്തിരുന്നു. തുടർന്ന്, താരതമ്യ ചാർട്ട് സഹിതം 02-06-2022-ൽ എസ്.പി.വി-യിൽ നിന്നും ലഭ്യമായ ഫയൽ വീണ്ടും കിഫ്ബിയിൽ പരിശോധിക്കുകയും സംശയ നിവാരണത്തിനായി 13-09-2022-ൽ ഫയൽ മടക്കുകയും ചെയ്തിരുന്നു. ആയത് നാളിതുവരെ തിരികെ കിഫ്ബിയിൽ ലഭ്യമായിട്ടില്ല. സ്പഷ്ടീകരിക്കപ്പെട്ട അന്തിമ റിപ്പോർട്ട് മാത്രമേ കിഫ് ബോർഡിന്റെ അംഗീകാരത്തിനായി |

| | | | |
|---|---|---|---|
| | | | സമർപ്പിക്കാനാകൂ എന്നതിനാൽ SPV -യുടെ മറുപടി ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ് . |
| (ബി) | പ്രസ്തുത പ്രവൃത്തിയുടെ തുടർ നടപടികൾ അനന്തമായി നീണ്ടുപോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ? | (ബി) | പദ്ധതി നിർവ്വഹണത്തിലെ വേഗതക്കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതിനാൽ, പെരിങ്ങോം ഗവ.കോളേജിലെ പ്രവൃത്തിക്കായി എസ്.പി.വി ഫയൽ സമർപ്പിച്ച പദ്ധതി റിപ്പോർട്ടും അനുബന്ധ രേഖകളും കാലതാമസം കൂടാതെ കിഫ്ബിയിൽ പരിശോധിക്കുകയും നിലവിലെ ചട്ടങ്ങളും ഉത്തരവുകളും അനുസരിച്ചുള്ള വസ്തുതകളും രേഖകളും ഉണ്ടെന്ന് ഉറപ്പ് വരുത്തുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ, അന്തിമ റിപ്പോർട്ടിനായി SPV -ക്ക് മാർഗ്ഗനിർദേശം നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ, മണ്ഡലം തിരിച്ചും എസ്.പി.വി തിരിച്ചുമുള്ള യോഗങ്ങൾ സംഘടിപ്പിച്ച് പ്രവൃത്തി ആരംഭിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതിനുള്ള നിർദ്ദേശങ്ങളും സഹായവും കിഫ്ബി നൽകി വരുന്നുണ്ട് . |

സെക്ഷൻ ഓഫീസർ